# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ | |
|---|---|
| DECEMBER 07 | 2018 |



## ശബരിമല പത്രക്കുറിപ്പ്–1


ഫോൺ : 04735–202664

www.prd.kerala.gov.in, prdsannidhanam2019@gmail.com


### *അയ്യന് തിരുമുൽക്കാഴ്ചയർപ്പിച്ച് കാടിന്റെമക്കൾ*

ശബരിമല: അഗസ്ത്യാർകൂടത്തിലെ ആദിമനിവാസികൾ വനവിഭവങ്ങളുമായി കാനനവാസനായ അയ്യപ്പന്റെ തിരുസന്നിധിയിൽ കാണിക്കയർപ്പിച്ച് സായൂജ്യമടഞ്ഞു. തിരുവനന്തപുരം കുറ്റിച്ചൽ പഞ്ചായത്തിലെ കോട്ടൂർ മുണ്ടണി മാടൻ തമ്പുരാൻ ക്ഷേത്രത്തിൽ പരമ്പരാഗത ആചാരപ്രകാരം പൂജാകർമ്മങ്ങൾ നിർവഹിച്ചുവരുന്നവരാണിവർ. മുളംകുറ്റിയിൽ നിറച്ച കാട്ടുചെറുതേൻ, കാട്ടുകുന്തിരിയ്ക്കം, കദളിക്കുല, ഈറ്റയിലും ചൂരലിലും തീർത്ത പൂജാപാത്രങ്ങൾ, കരിമ്പിൻകെട്ട് തുടങ്ങിയ വനവിഭവങ്ങളാണ് വൃതശുദ്ധിയോടെ അഗസ്ത്യാർകൂടത്തിലെ വനാന്തരങ്ങളിൽ നിന്നും ശേഖരിച്ച് തലച്ചുമടായി അയ്യന്റെ സോപാനത്തിൽ സമർപ്പിച്ചത്. കാടിനുള്ളിലെ കാണിസെറ്റിൽമെന്റിൽ നിന്നും മാടൻതമ്പുരാന്റെ ക്ഷേത്രത്തിലെത്തി പ്രത്യേകപൂജകളും പ്രാർത്ഥനകളും നടത്തി വനദേവതകളെ പ്രീതിപ്പെടുത്തിയശേഷമാണ് 17ംഗ സംഘം കാൽനടയായി യാത്ര ആരംഭിച്ചത്. 55വയസിനുനേൽ പ്രായമുള്ള സ്ത്രീകളും കുട്ടികളുമടങ്ങുന്നതാണ് സംഘം. ക്ഷേത്രംട്രസ്റ്റിയും ഗുരുസ്വാമിയുമായ വിനോദ്കുമാറിന്റെ നേതൃത്വത്തിലാണ് സംഘം എത്തിയത്. സന്നിധാനത്ത് ഡിസംബർ ആറിന് രാത്രിയിലെത്തിയ സംഘം അയ്യന് വനവിഭവങ്ങൾ തിരുമുൽകാഴ്ചയർപ്പിച്ച് ക്ഷേത്ര തന്ത്രിയേയും മേൽശാന്തിയേയും കണ്ടുവണങ്ങി രാത്രി സന്നിധാനത്ത് തങ്ങിയശേഷം രാവിലെയാണ് മടങ്ങിയത്.

***(പി.ആർ. ശബരി–248)***

## ***<u>അഭിഷേകം ഇനി എല്ലാവർക്കും: പരിധി ഒഴിവാക്കി ദേവസ്വംബോർഡ്</u>***

ശബരിമല: അഭിഷേകപ്രിയനായ അയ്യപ്പന്റെ ഇഷ്ട അഭിഷേകവഴിപാടിലൊന്നായ അഷ്ടാഭിഷേകത്തിന് യഥേഷ്ടം സൗകര്യമൊരുക്കാൻ ദേവസ്വം ബോർഡ്. നിലവിൽ ദിവസം പതിനഞ്ചെണ്ണം എന്ന തോതിൽ നിജപ്പെടുത്തി നടത്തിപ്പോരുന്ന അഷ്ടാഭിഷേകമാണ് ഭക്തരുടെ ആവശ്യത്തെതുടർന്ന് യഥേഷ്ടം നടത്താൻ തീരുമാനിച്ചത്. നിലവിൽ അയ്യായിരം രൂപയാണ് അഷ്ടാഭിഷേകത്തിന് ഈടാക്കുന്ന തുക. കളഭം, ഭസ്മം, തേൻ, പാൽ, പനിനീർ, പഞ്ചാമൃതം, നെയ്യ്, കരിക്ക് എന്നിവ ഉപയോഗിച്ചാണ് അഷ്ടാഭിഷേകം നടത്തുന്നത്. പുതിയ തീരുമാനമനുസരിച്ച് അഭിഷേകം നേരിട്ട് കാണാനും സോപാനത്ത് കണ്ട് തൊഴാനും ഭക്തർക്ക് സൗകര്യമൊരുക്കും. ഒരു വഴിപാടിന് നാലുപേരെ സോപാനത്ത് പ്രവേശിപ്പിക്കും. വഴിപാടിനുള്ള ദ്രവ്യങ്ങൾ ദേവസ്വം ബോർഡ് നൽകും.

സന്നിധാനത്തെത്തുന്ന ഭക്തന് മുൻകൂട്ടി ബുക്ക്ചെയ്യാതെ ചെയ്യാൻ കഴിയുന്ന വലിയ വഴിപാട് എന്നതാണ് അഷ്ടാഭിഷേകത്തെ വ്യത്യസ്തമാക്കുന്നത്. നേരത്തെ ചുരുക്കം പേർക്കുമാത്രം സാധ്യമായിരുന്ന ഈ വഴിപാട് ഇനി എല്ലാവർക്കും ലഭിക്കുന്നുവെന്നതാണ് പുതിയ തീരുമാനത്തിന്റെ പ്രത്യേകത. നിലവിൽ പകൽ ഒൻപത് മണിമുതലാണ് അഭിഷേകസമയം. ആവശ്യക്കാരേറുന്ന മുറയ്ക്ക് സമയക്രമീകരണം ഏർപ്പെടുത്തും. നെയ്യഭിഷേകത്തിന് തടസമുണ്ടാകാത്തതരത്തിൽ അഷ്ടാഭിഷേകം നടത്താനാണ് ആലോചിക്കുന്നതെന്ന് ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ മുരാരി ബാബു പറഞ്ഞു. അഭിഷേകം കഴിഞ്ഞ ദ്രവ്യങ്ങൾ പ്രത്യേകപാത്രത്തിലാക്കി ഭക്തർക്ക് തിരികെനൽകുന്ന കാര്യവും ദേവസ്വംബോർഡിന്റെ പരിഗണനയിലുണ്ടെന്നും അദ്ദേഹം സൂചിപ്പിച്ചു. ഇതിനുള്ള പാത്രങ്ങളുടെ വില അഭിഷേകചാർജിന് പുറമെ ഭക്തർ നൽകേണ്ടിവരും. അഭിഷേകത്തിനായി പ്രത്യേക കൗണ്ടറും ക്യൂ സംവിധാനവും ഏർപ്പെടുത്തുമെന്നും അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ പറഞ്ഞു. വടക്കേനടയിലാണ് കൗണ്ടറും ക്യൂ സംവിധാനവും ഏർപ്പെടുത്തുക. അഷ്ടാഭിഷേകത്തിന്റെ പരിധി ഒഴിവാക്കിയതിന്റെ ആഹ്ലാദത്തിലാണ് ഭക്തജനങ്ങൾ.

***(പി.ആർ. ശബരി–249)***

## ***<u>24മണിക്കൂറും വെളിച്ചമൊരുക്കി കെ.എസ്.ഇ.ബി.</u>***

ശബരിമല: 24 മണിക്കൂറും പമ്പയിലും സന്നിധാനത്തും സേവനസന്നദ്ധരായി

കെ.എസ്.ഇ.ബി. പത്തനംതിട്ട സർക്കിളിന് കീഴിലുള്ള റാന്നി–പെരിനാട് ഡിവിഷനാണ് പമ്പയിലേയും സന്നിധാനത്തേയും ചുമതല. സന്നിധാനം ഉൾപ്പടെയുള്ള ശരണപാതയിൽ 24 മണിക്കൂറും വൈദ്യുതി ഉറപ്പാക്കാൻ കുറ്റമറ്റ രീതിയിലുള്ള പ്രവർത്തനങ്ങളാണ് വൈദ്യുതിവകുപ്പ് നടത്തുന്നത്. ഏതെങ്കിലും രീതിയിൽ പരാതി ലഭിച്ചാൽ ഉടൻതന്നെ പരിഹാരം കാണത്തക്ക സംവിധാനവും ഇവിടെയുണ്ട്. സന്നിധാനത്ത് കെ.എസ്.ഇ.ബി. ഓഫീസിൽ ഒരു എക്സിക്യൂട്ടീവ് എൻജിനീയർ ഉൾപ്പടെ 11പേർ അനുഷ്ഠിക്കുന്നു. അതുപോലെ പമ്പയിലും 11 ജീവനക്കാരാണുള്ളത്. ഓഫീസ് പ്രവർത്തനത്തിന്റെ ഭാഗമായി ഒരു ഓവർസീയർ മുഴുവൻ സമയവും ഫോൺകോളുകൾ കൈകാര്യം ചെയ്യും.

ഏരിയൽ ബഞ്ചിട് കേബിൾ(എ.ബി.സി) ഉപയോഗിക്കുന്നതിനാൽ ഒരു കാരണവശാലും വൈദ്യുതികമ്പികൾ പൊട്ടിപൊകുവാൻ സാധ്യതയില്ല. കൂടാതെ നിരീക്ഷണത്തിന്റെ ഭാഗമായി ലൈൻ പെട്രോളിങ്ങും ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാദിവസവും രാവിലേയും വൈകിട്ടും 8മണിയ്ക്ക് മീറ്റിങ്കൂടി അതാത് ദിവസത്തെ കാര്യങ്ങൾ അവലോകനം ചെയ്യും. ഇത്തവണ എല്ലായിടത്തും എൽ.ഇ.ഡി. മെർക്കുറി ബൾബുകൾ കൂടുതലായി ഉപയോഗിച്ചിട്ടുണ്ട്. മരക്കൂട്ടത്ത് പമ്പയിലേയും സന്നിധാനത്തേയും ഓരോ ജിവനക്കാരെവീതം നിയോഗിച്ചിട്ടുണ്ട്. രണ്ട് സബ് എൻജിനീയർമാർ സ്ഥിരം സന്നിധാനത്ത് സേവനത്തിനുണ്ടാകും. മൂഴിയാർ പവർസ്റ്റേഷനിൽനിന്നുള്ള വൈദ്യുതിയാണ് ഇവിടെ ലഭിക്കുന്നത്. ശബരിമല ദർശനത്തിനെത്തുന്ന അയ്യപ്പഭക്തർക്ക് ഒരുതരത്തിലും ബുദ്ധിമുട്ടുണ്ടാകാതെ ദർശനംനടത്തി മടങ്ങാനുള്ള സംവിധാനം ഒരുക്കിയിരിക്കുകയാണ്. കെ.എസ്.ഇ.ബി.

***(പി.ആർ. ശബരി–250)***

## <u>***രോഗപ്രതിരോധമരുന്നുകൾ നൽകി ഹോമിയോ ആശുപത്രി മാതൃകയാകുന്നു***</u>

ശബരിമല: ചിക്കൻപോക്സ് അടക്കമുള്ള സാംക്രമികരോഗങ്ങൾ വരാതെ സൂക്ഷിക്കാനുള്ള പ്രതിരോഗമരുന്നുകൾ നൽകി സന്നിധാനത്തെ ഹോമിയോ ആശുപത്രിയുടെ പ്രവർത്തനം മാതൃകയാകുന്നു. സംസ്ഥാനത്ത് നിന്നും ഇതരസംസ്ഥാനത്ത് നിന്നുമെത്തുന്ന അയ്യപ്പഭക്തന്മാർക്ക് രോഗപ്രതിരോഗ ഗുളിക നൽകിയാണ് സന്നിധാനത്ത് പ്രവർത്തിക്കുന്ന ഹോമിയോ ആശുപത്രി മാതൃകയാകുന്നത്. കാലാവസ്ഥയിലുള്ള മാറ്റം കാരണം ജലദോഷം, മലകയറ്റം മൂലമുണ്ടാകുന്ന ശ്വാസതടസം തുടങ്ങിയവയ്ക്കാണ് പരിഹാരമായി പ്രഥമശുശ്രൂഷ നൽകുന്നതിനൊപ്പം മരുന്നുകളും നൽകുന്നത്.

രണ്ട് ഡോക്ടർമാരുൾപ്പടെ ഏഴുപേരുടെ സേവനം സന്നിധാനം ഹോമിയോ ആശുപത്രിയിൽ ലഭ്യമാണ്. അയ്യപ്പദർശനത്തിനെത്തുന്ന ഭക്തന്മാർ, സന്നിധാനത്ത് സേവനമനുഷ്ഠിക്കുന്ന വിവിധവകുപ്പുകളിലെ ജീവന

ക്കാർ എന്നിവരുൾപ്പടെ നിരവധിപേർ ഹോമിയോ ആശുപത്രിയുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്. 24 മണിക്കൂറും ഹോമിയോ ആശുപത്രി പ്രവർത്തന സജ്ജമാണ്.

*(പി.ആർ. ശബരി–251)*

## *അരവണ വിവാദം: പരാതി ദുരൂഹം, അടിസ്ഥാനരഹിതം: ദേവസ്വംബോർഡ്*

ശബരിമല: കാലപ്പഴക്കമുള്ള അരവണ വിറ്റു എന്നപേരിൽ ജനംടീവി പുറത്തുവിട്ട വാർത്ത അടിസ്ഥാനരഹിതവും ദുരൂഹത ഉളവാക്കുന്നതുമാണെന്ന് ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസർ ഡി. സുധീഷ്കുമാർ പറഞ്ഞു. 08–12–17 തിയ്യതിയിൽ പാക്ക്ചെയ്ത 37നമ്പർ ബാച്ച് അരവണ ടിൻ ദേവസ്വംകൗണ്ടറിൽ നിന്നും വിറ്റ ബൾക്ക് പായ്ക്കറ്റിൽ ഉൾപ്പെടുന്നൂവെന്നാണ് നിലമ്പൂർ ചുങ്കത്തറ വാരോത്ത്വീട്ടിൽ ശിവശങ്കരന്റെ മകൻ രാധാകൃഷ്ണൻ ഡ്യൂട്ടി മജിസ്ട്രേറ്റിന് നൽകിയ പരാതി. നിലമ്പൂർ ചെമ്പ്രരേരി വീട്ടിൽ ശ്രീധരന്റെ മകൻ രാജേഷാണ് അരവണപായ്ക്കറ്റ് വാങ്ങിയതെന്നും പരാതിയിൽ പറയുന്നു. എന്നാൽ ദേവസ്വംബോർഡ് ശബരിമലയിലെ കൗണ്ടറുകളിലൂടെ 10–11–2018ൽ തയ്യാറാക്കിയ 10, 11 ബാച്ചുകളിൽപ്പെട്ട അരവണയാണ് വിൽക്കുന്നതെന്നും ഇന്നുവരെ 25 ബാച്ച് വരെയുള്ള അരവണടിന്നുകളാണ് തയ്യാറാക്കിയിട്ടുള്ളതെന്നും എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

മെഷീൻ നമ്പരിങ് സംവിധാനംവഴി ചെയ്ത് വിൽപ്പനയ്ക്കെത്തിക്കുന്ന അരവണപായ്ക്കുകളിൽ കഴിഞ്ഞവർഷത്തെ അരവണടിൻ വരാൻ യാതൊരു സാധ്യതയുമില്ലെന്നും കഴിഞ്ഞതവണ തയ്യാറാക്കിയ അരവണ മുഴുവൻ മകരവിളക്ക് സമയത്തും തുടർമാസപൂജാസമയത്തും വിറ്റു തീർത്തുവെന്നും അരവണ സ്പെഷ്യൽ ഓഫീസർ പി. ദിലീപ്കുമാർ പറഞ്ഞു. ഈ പരാതി സംബന്ധിച്ച് എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ്, സ്റ്റേറ്റ് വിജിലൻസ്, ദേവസ്വം വിജിലൻസ് എന്നിവർ അരവണ കൗണ്ടറുകൾ, പ്രൊഡക്ഷൻ, പാക്കിങ് കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ പരിശോധന നടത്തി പരാതിയിലെ ആരോപണം സത്യവിരുദ്ധവും ദുരൂഹവുമാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണെന്ന് ദേവസ്വം എക്സിക്യൂട്ടീവ് ഓഫിസർ അറിയിച്ചു.

ശബരിമല ക്ഷേത്രത്തേയും അയ്യപ്പഭഗവാന്റെ മുഖ്യപ്രസാദമായ അരവണേയും കുറിച്ച് തെറ്റിധാരണജനകവും അപകീർത്തികരവുമായ പരാതി നൽകിയ പരാതിക്കാരനെതിരെ നിയമനടപടികൾ കൈകൊള്ളുമെന്നും ഇതു സംബന്ധിച്ച അന്വേഷിക്കണമെന്നാവശ്യപ്പെട്ട് സന്നിധാനം പോലിസിൽ പരാതി നൽകുമെന്നും ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

*(പി.ആർ. ശബരി–252)*

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ DECEMBER 07 | 2018 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-2


ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com


***അപ്ഡേറ്റ്***

### ***അരവണ വിവാദം: പരാതി ദുരൂഹം, അടിസ്ഥാനരഹിതം: ദേവസ്വംബോർഡ്***

ശബരിമല: കാലപ്പഴക്കമുള്ള അരവണ വിറ്റു എന്നപേരിൽ ജനംടീവി പുറത്തുവിട്ട വാർത്ത അടിസ്ഥാനരഹിതവും ദുരൂഹത ഉളവാക്കുന്നതുമാണെന്ന് ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസർ ഡി. സുധീഷ് കുമാർ പറഞ്ഞു. 08-12-17 തിയ്യതിയിൽ പാക്ക്ചെയ്ത 37നമ്പർ ബാച്ച് അരവണ ടിൻ ദേവസ്വംകൗണ്ടറിൽ നിന്നും വിറ്റ ബൾക്ക് പായ്ക്കറ്റിൽ ഉൾപ്പെടുന്നുവെന്നാണ് നിലമ്പൂർ ചുങ്കത്തറ വാരോത്ത്വീട്ടിൽ ശിവശങ്കരന്റെ മകൻ രാധാകൃഷ്ണൻ ഡ്യൂട്ടി മജിസ്ട്രേറ്റിന് നൽകിയ പരാതി. നിലമ്പൂർ ചെമ്പ്രേരി വീട്ടിൽ ശ്രീധരന്റെ മകൻ രാജേഷാണ് അരവണപായ്ക്കറ്റ് വാങ്ങിയതെന്നും പരാതിയിൽ പറയുന്നു. എന്നാൽ ദേവസ്വംബോർഡ് ശബരിമലയിലെ കൗണ്ടറുകളിലൂടെ 10-11-2018ൽ തയ്യാറാക്കിയ 10, 11 ബാച്ചുകളിൽപ്പെട്ട അരവണയാണ് വിൽക്കുന്നതെന്നും ഇന്നുവരെ 25 ബാച്ച് വരെയുള്ള അരവണടിന്നുകളാണ് തയ്യാറാക്കിയിട്ടുള്ളതെന്നും എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

മെഷീൻ നമ്പരിങ് സംവിധാനംവഴി ചെയ്ത് വിൽപ്പനയ്ക്കെത്തിക്കുന്ന

അരവണപായ്ക്കുകളിൽ കഴിഞ്ഞവർഷത്തെ അരവണടിൻ വരാൻ യാതൊരു സാധ്യതയുമില്ലെന്നും കഴിഞ്ഞതവണ തയ്യാറാക്കിയ അരവണ മുഴുവൻ മകരവിളക്ക് സമയത്തും തുടർമാസപൂജാസമയത്തും വിറ്റു തീർത്തുവെന്നും അരവണ സ്പെഷ്യൽ ഓഫീസർ പി. ദിലീപ്കുമാർ പറഞ്ഞു. ഈ പരാതി സംബന്ധിച്ച് എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ്, സ്റ്റേറ്റ് വിജിലൻസ്, ദേവസ്വം വിജിലൻസ് എന്നിവർ അരവണ കൗണ്ടറുകൾ, പ്രൊഡക്ഷൻ, പാക്കിങ് കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ പരിശോധന നടത്തി പരാതിയിലെ ആരോപണം സത്യവിരുദ്ധവും ദുരൂഹവുമാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണെന്ന് ദേവസ്വം എക്സിക്യൂട്ടീവ് ഓഫിസർ അറിയിച്ചു.

ശബരിമല ക്ഷേത്രത്തേയും അയ്യപ്പഭഗവാന്റെ മുഖ്യപ്രസാദമായ അരവണേയും കുറിച്ച് തെറ്റിധാരണജനകവും അപകീർത്തികരവുമായ പരാതി നൽകിയ പരാതിക്കാരനെതിരെ നിയമനടപടികൾ കൈകൊള്ളുമെന്നും ഇതുസംബന്ധിച്ച അന്വേഷിക്കണമെന്നാവശ്യപ്പെട്ട് സന്നിധാനം പോലിസിൽ പരാതി നൽകിയെന്നും ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

***(പി.ആർ. ശബരി-252)***

## ***ഭക്തർക്ക് ആശ്വാസമായി ആയുർവേദ ചികിൽസ***

ശബരിമല: മലകയറിയെത്തുന്ന ഭക്തർക്ക് ആശ്വാസമായി 24 മണിക്കൂറും സൗജന്യചികിൽസ ലഭ്യമാക്കി സന്നിധാനത്തെ ആയുർവേദ ആശുപത്രി. ദിനംപ്രതി ആയിരത്തോളം തീർത്ഥാടകരാണ് ആയുർവേദ ചികിൽസതേടി ആശുപത്രിയിലെത്തുന്നത്. ചെങ്കുത്തായ മലയറിവരുമ്പോൾ നേരിടുന്ന കാൽമുട്ട് വേദന, പേശിവേദന, ഡിസ്ക് വേദന, തോൾവേദന എന്നിവയ്ക്കുള്ള ചികിൽതേടിയാണ് ഭൂരിഭാഗം ആളുകളും ആശുപത്രിയിലെത്തുന്നതെന്ന് ചാർജ് മെഡിക്കൽഓഫീസർ ഡോ. സുദർശൻ ചെട്ടിയാർ പറഞ്ഞു. പേശിവേദന, മുട്ടുവേദന, ഡിസ്ക് വേദന, എന്നിവയ്ക്ക് മർമ്മചികിൽസയാണ് നൽകിവരുന്നത്. കാലിന് പിൻഭാഗത്തെ പേശികളുടെ കോച്ചിപിടുത്തം മലകയറുന്നവർക്ക് സാധാരണയായി അനുഭവപ്പെടാറുണ്ടെന്നും ഇതിനായി മലയിറങ്ങുന്നതിന് മുമ്പായി ആശുപത്രിയിൽ എത്തിയാൽ ചികിൽസ ലഭ്യമാക്കുന്നതാണെന്നും സീനിയർ മെഡിക്കൽഓഫിസർ ഡോ. മഹേഷ്കുമാർ പറഞ്ഞു. മർമ്മചികിൽസയ്ക്ക് പുറമേ തലവേദനയ്ക്ക് നസ്യം, ചുമ, കഫക്കെട്ട് എന്നിവയ്ക്ക് സ്റ്റിം ഇൻസിലേഷൻ എന്നിവയും ലഭ്യമാണ്. അഞ്ച് ഡോക്ടർമാർ, മൂന്ന് ഫാർമസിസ്റ്റുകൾ, രണ്ട് തെറാപ്പിസ്റ്റുകൾ, മൂന്ന് അറ്റൻഡർമാർ എന്നിവരാണ് ആശുപത്രിയിലുള്ളത്.

***(പി.ആർ. ശബരി-253)***

## ***ആചാരപ്പെരുമയോടെ അന്നംകുളങ്ങരസംഘം മലചവിട്ടി***

ശബരിമല: ആചാരപ്പെരുമയോടെ അന്നംകുളങ്ങര അയ്യപ്പസേവാസംഘം ഇത്തവണയും ശബരീശദർശനം നടത്തി. തൃശൂർ ജില്ലയിലെ കുന്നംകുളം താലൂക്കിലെ കാണിപ്പയ്യൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന അന്നംകുളങ്ങര അയ്യപ്പസേവാസംഘം എന്ന ഭക്തജനക്കൂട്ടായ്മയാണ് പതിവ് മുടങ്ങാതെ ഇത്തവണയും മലചവിട്ടിയത്. 67 വയസുള്ള ഭാസ്‌ക്കരമേനോൻ പെരിയസ്വാമിയായ സംഘത്തിൽ രണ്ട് കൊച്ചുകുട്ടികൾ ഉൾപ്പടെ 36പേരുണ്ട്.

അന്നംകുളങ്ങര അയ്യപ്പസേവാസംഘത്തിന്റെ 26-ാമത് അയ്യപ്പദർശനമാണിത്. പെരിയസ്വാമി ഭാസ്‌ക്കരമേനോൻ 1969 മുതൽ മലചവിട്ടുന്നുണ്ട്. ആചാര-അനുഷ്ഠാനങ്ങൾ കാത്തുസൂക്ഷിച്ചുതന്നെയാണ് ഇത്തവണയും സംഘം മലചവിട്ടിയത്. അന്നംകുളങ്ങര ദേവീക്ഷേത്രത്തിൽ നിന്നും കെട്ടുനിറച്ച് പ്രധാനക്ഷേത്രങ്ങളായ ഗുരുവായൂർ, തൃപ്രയാർ, കൊടുങ്ങല്ലൂർ. ചോറ്റാനിക്കര, വൈക്കം ക്ഷേത്രങ്ങളിൽ ദർശനം നടത്തിയശേഷമാണ് സംഘം ശബരിമലയിലെത്തിയത്. ഇത്തവണ സംഘത്തിൽ 18വർഷമായി മലചവിട്ടിയ രഞ്ജിത്ത് സ്വാമിയുമുണ്ട്. 18വർഷം മലചവിട്ടി ദർശനം നടത്തിയതിന്റെ പ്രതീകമായി തെങ്ങിൻതൈയും നട്ടു.

ദർശനത്തിന് ഒരുബുദ്ധിമുട്ടും ഉണ്ടായിട്ടില്ലെന്നും വഴിപാടുകളെല്ലാം നടത്താൻ സാധിച്ചതായും ഇത്തവണത്തേത് സുഖദർശനവും സുരക്ഷിതവുമായ തീർത്ഥാടനമായിരുവെന്നും പെരിയസ്വാമി ഭാസ്‌ക്കരമേനോൻ പറഞ്ഞു. തിരിച്ചുപോകുമ്പോൾ ചക്കുളത്തുകാവ്, ഹരിപ്പാട്, മണ്ണാറശ്ശാല, അമ്പലപ്പുഴ ക്ഷേത്രങ്ങളിൽ ദർശനം നടത്തും. എല്ലാവർഷവും ഡിസംബർ മാസത്തെ ആദ്യത്തെ ശനിയാഴ്ച അന്നംകുളങ്ങര അയ്യപ്പസേവാസംഘത്തിന്റെ നേതൃത്വത്തിൽ അയ്യപ്പൻവിളക്ക്, അന്നദാനം എന്നിവ നടത്തിയാണ് മണ്ഡലമാസത്തിന് പരിസമാപ്തി കുറക്കുക.

***(പി.ആർ. ശബരി-254)***

## ***അഭിഷേകപ്രിയന് അർച്ചനയായി പൂക്കളും***

ശബരിമല: അഭിഷേകപ്രിയൻ എന്നാണ് അയ്യപ്പന്റെ ഒരു വിശേഷണം. നെയ്യും, കളഭവും, തേനും, പാലും, പനിനീരും, ഭസ്മവും കരിക്കും, പഞ്ചാമൃതവുമെല്ലാം സ്വാമിയ്ക്ക് ഇഷ്ട അഭിഷേകദ്രവ്യങ്ങളാണ്. എന്നാൽ ദീപാരാധന കഴിഞ്ഞാൽ അയ്യപ്പന് പൂക്കളാണ് പ്രിയം. ശബരിമല പൂങ്കാവനമെന്ന് വിശേഷിപ്പിക്കുന്നതുപോലും അയ്യപ്പന് പൂക്കളോടുള്ള ഇഷ്ടംകൊണ്ടാണെന്ന് സാരം. അതുകൊണ്ടാണ് ശബരിമലയിലെ മറ്റൊരുപ്രധാന വഴിപാടായി പുഷ്പാഭിഷേകവും മാറിയത്. എല്ലാ പൂക്കളും അയ്യന് ഇഷ്ടമാണെങ്കിലും ശ്രീകോവിലിനുള്ളിൽ അഭിഷേകത്തിനുപയോഗിക്കുന്നത് എട്ടുതരം പുഷ്പങ്ങൾ

മാത്രമാണ്. താമര, പനിനീർപ്പൂ, മുല്ല, അരളി, ജമന്തി, തുളസി,, കൂവളം, തെറ്റി എന്നീ പൂക്കളാണ് അഭിഷേകത്തിനുപയോഗിക്കുക. ഒരു വഴിപാടിന് പതിനായിരംരൂപയാണ് തുകയീടാക്കുന്നത്. ആറുപേർക്ക് സോപാനത്തിൽനിന്ന് വഴിപാട്കണ്ട് തൊഴാനും അവസരം നൽകും. പതിനായിരം രൂപ ടിക്കറ്റിനൊപ്പം അഭിഷേകത്തിനുള്ള പൂക്കളും ദേവസ്വംബോർഡ് ലഭ്യമാക്കും. ഓൺലൈനായും നേരിട്ടും പുഷ്പാഭിഷേകം ബുക്ക്ചെയ്യാൻ സൗകര്യമുണ്ടെന്നും ഭക്തർക്ക് ഏറെ പ്രിയപ്പെട്ടതും വിശേഷപ്പെട്ടതുമായ വഴിപാടാണിതെന്നും ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ മുരാരി ബാബു പറഞ്ഞു. ദീപാരാധന കഴിഞ്ഞാൽ അത്താഴപൂജ തുടങ്ങുന്നതുവരെയാണ് പുഷ്പാഭിഷേകസമയം. ചിലദിവസങ്ങളിൽ ഇരുന്നൂറുവരെ അഭിഷേകങ്ങൾ വഴിപാടായി നടക്കാറുണ്ട്. പുഷ്പാഭിഷേകത്തിനും ബുക്കിങ് പരിധിയില്ലെന്നതാണ് ശബരിമലയിലെ പ്രത്യേകത.

***(പി.ആർ. ശബരി-255)***

## ***പമ്പാനദിയെ കാക്കാൻ ഗ്രീൻഗാർഡ്സ്***

ശബരിമല: പമ്പാ നദിയെ മാലിന്യമുക്തമായി സംരക്ഷിക്കുന്നതിന്റെ ഭാഗമായി തീർഥാടകരിൽ അവബോധം സൃഷ്ടിക്കുന്നതിനായി ശുചിത്വമിഷന്റെ നേതൃത്വത്തിൽ ഗ്രീൻഗാർഡ്സിന്റെ പ്രവർത്തനം ഇന്ന് (ഡിസംബർ8ന്) ആരംഭിക്കും. റാന്നി എംഎൽഎ രാജു എബ്രഹാം ഇന്ന് വൈകിട്ട് മൂന്നിന് പമ്പയിൽ പദ്ധതിയുടെ പ്രവർത്തനോദ്ഘാടനം നിർവഹിക്കും. നിലയ്ക്കലിൽ എത്തുന്ന ഭക്തർ കൊണ്ടുവരുന്ന പ്ലാസ്റ്റിക് ബാഗുകൾക്ക് പകരം തുണിസഞ്ചി വിതരണം ചെയ്യുന്നതിനുള്ള സ്റ്റാളിന്റെ ഉദ്ഘാടനവും എംഎൽഎ നിർവഹിക്കും. പമ്പയിലേയ്ക്ക് സ്നാനത്തിനു ശേഷം തുണികൾ വലിച്ചെറിയുന്നത് ഗുരുതര പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമാകുന്നതു കണക്കിലെടുത്താണ് ഗ്രീൻ ഗാർഡ്സ് പദ്ധതി നടപ്പിലാക്കുന്നത്.

***(പി.ആർ. ശബരി-256)***

## ***നിലയ്ക്കൽ പാർക്കിങ് ഗ്രൗണ്ട് സർക്കുലർ സർവീസ് ആരംഭിച്ചു***

ശബരിമല: നിലയ്ക്കൽ ബേസ്ക്യാമ്പിലെത്തുന്ന അയ്യപ്പഭക്തരുടെ സൗകര്യാർത്ഥം എല്ലാ പാർക്കിങ് ഗ്രൗണ്ടുകളേയും ബന്ധപ്പെടുത്തി കെ.എസ്.ആർ.ടി.സി. നിലയ്ക്കൽ പാർക്കിങ് ഗ്രൗണ്ട് സർക്കുലർ സർവീസ് ആരംഭിച്ചു. ഒന്നുമുതൽ പത്തുവരെയുള്ള പാർക്കിങ് ഗ്രൗണ്ടുകൾ ബന്ധിപ്പിച്ച് തിരികെ കെ.എസ്.ആർ.ടി.സി. ബസ്സ്റ്റേഷനിൽ എത്തിപ്പെടുന്ന വിധത്തിലാണ് ഈ സർക്കുലർസർവീസ് ആരംഭിച്ചിരിക്കുന്നത്. ഒരുസർക്കുലർ യാത്രയ്ക്ക് പത്തുരൂപയാണ് ചാർജ്. സർക്കുലർസർവീസിന്റെ ഫ്ളാഗ് ഓഫ് എസ്. മഞ്

ജുനാഥ് ഐ.പി.എസ്. നിലയ്ക്കൽ കെ.എസ്.ആർ.ടി.സി. ബസ്സ്റ്റേഷനിൽ നിർവഹിച്ചു. ദേവസ്വംബോർഡ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ജെ. ജയപ്രകാശ്, പോലീസ് സ്പെഷ്യൽഓഫീസർ വി. അജയകുമാർ, കെ.എസ്.ആർ.ടി.സി. നിലയ്ക്കൽ സ്പെഷ്യൽ ഓഫീസർ ജി. അനിൽകുമാർ തുടങ്ങിയവർ സംബന്ധിച്ചു.

***(പി.ആർ. ശബരി–257)***

## ***ശബരിമലയിലെ ഇന്നത്തെ ചടങ്ങുകൾ(08–12–18)***

രാവിലെ
3 ന് ..... ക്ഷേത്രനട തുറക്കൽ
3.05 ന് ..... നിർമ്മാല്യം
3.15 മുതൽ ഉച്ചയ്ക്ക് 12വരെ നെയ്യഭിഷേകം
3.30 ന് ഗണപതി ഹോമം
7.30 ന് ഉഷപൂജ
12.40ന് ഉച്ചപൂജ
1 മണിക്ക് നട അടയ്ക്കും

വൈകുന്നേരം
3 ന് നടതുറക്കൽ
6.30ന് ദീപാരാധന
7 ന് പുഷ്പാഭിഷേകം
രാത്രി 9.30 ന് അത്താഴപൂജ
10.50ന് ഹരിവരാസനം പാടി 11 മണിക്ക് നട അടയ്ക്കും ....

***(പി.ആർ. ശബരി–258)***


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.